മധുരമായ കുട്ടികളെ- നിങ്ങളുടെ വാതില്ക്കല് ആര് വന്നാലും അവര്ക്ക് എന്തെങ്കിലുമെന്തെങ്കിലും ജ്ഞാനധനം നല്കണം, ആദ്യം ഫോം പൂരിപ്പിക്കണം, പിന്നീട് രണ്ട് അച്ഛന്മാരുടെ പരിചയം നല്കൂ.

ചോദ്യം :- മാന്ത്രികനായ അച്ഛന്റെ ഇന്ദ്രജാലം എന്താണ്?

ഉത്തരം :- മാന്ത്രികനായ ബാബയുടെ ഇന്ദ്രജാലം നോക്കൂ- ഇത്രയും ഉന്നതനായ ബാബ പറയുന്നു, ഞാന് നിങ്ങളുടെ സേവനത്തിനായി വന്നിരിക്കുന്നു, ഞാന് നിങ്ങളുടെ കുട്ടിയുമാകുന്നു. നിങ്ങള് കുട്ടികള് എപ്പോഴാണോ എന്നില് ബലിയാകുന്നത് അപ്പോള് 21 ജന്മത്തേക്ക് ഞാന് നിങ്ങള് കുട്ടികളില് ബലിയാകുന്നു. ഇതും അത്ഭുതകരമായ കാര്യമാണ്. ബാബ എത്ര സ്നേഹത്തോടെയാണ് നിങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങളുടെ സര്വ്വമനോകാമനകളേയും പൂര്ത്തിയാക്കുന്നു. നിങ്ങളില് നിന്ന് ഫീസ് മുതലായ ഒന്നും വാങ്ങിക്കുന്നില്ല. ബാബയെ ഏറ്റവും സമര്ത്ഥനായ വിനോദകന് എന്നറിയപ്പെടുന്നു.

ഗീതം :- ആരാണ് പിതാവിനോടൊപ്പം................

ഓംശാന്തി. പിതാവും മഴയും. ആരാണോ അച്ഛന്റെ കൂടെയുള്ളത് അവര്ക്കായാണ് മഴ. ഏത് പ്രകാരത്തിലുള്ളത്? ഇതിനെ ജ്ഞാനമഴ എന്നാണ് പറയുക. ജ്ഞാനമഴ ആരാണ് പെയ്യിക്കുന്നത്? ജ്ഞാനസാഗരന്. ഈ ഗീതം ആരാണോ പാടിയത് അല്ലെങ്കില് ഉണ്ടാക്കിയത് അവര്ക്ക് ഈ കാര്യങ്ങളൊന്നും അറിയില്ല. നിങ്ങളാണ് ജ്ഞാനത്തിന്റെ ഭാഗ്യനക്ഷത്രങ്ങള്. നിങ്ങള് ജ്ഞാനസാഗരന്റെ കുട്ടികള് ആയിരിക്കുന്നു അതിനാലാണ് നിങ്ങളെ ജ്ഞാനനക്ഷത്രങ്ങള് എന്നു പറയുന്നത്. അച്ഛനില് നിന്നും ജ്ഞാനം എടുത്തുകൊണ്ടിരിക്കുകയാണ്. ജ്ഞാനത്തിന് എപ്പോഴും ലക്ഷ്യമുണ്ടാകും. എന്തെങ്കിലുമൊക്കെ പ്രാപ്തമാക്കുന്നതിനുള്ള വഴി ലഭിക്കുന്നു. ഇപ്പോള് നിങ്ങള് കുട്ടികള്ക്ക് അറിയാം പരിധിയില്ലാത്ത അച്ഛനില് നിന്നും പരിധിയില്ലാത്ത സമ്പത്ത് എടുക്കണം. ഇത് പാരലൗകിക പിതാവാണ്. നിങ്ങളുടെ അടുത്തേയ്ക്ക് ജിജ്ഞാസുക്കളായ ആരെങ്കിലും വരുമ്പോള് ഫോം പൂരിപ്പിക്കാന് അവര് ഭയക്കുന്നു. അതിനാല് അവര്ക്ക് മനസ്സിലാക്കിക്കൊടുക്കണം എന്തുകൊണ്ടെന്നാല് നിങ്ങളുടെ മുന്നില് എത്തിയിരിക്കുന്ന സ്ഥിതിക്ക് ആ പാവങ്ങള്ക്ക് എന്തെങ്കിലും ലഭിക്കുകതന്നെ വേണം. വളരെ ദരിദ്രരാണ്. നിങ്ങളുടെ കൈയ്യിലാണെങ്കില് സര്വ്വാധികാരങ്ങളുമുണ്ട്. അതെ, നമ്പര് അനുസരിച്ച് ചിലര് ഫുള്പാസാകുന്നു, ചിലര് കുറഞ്ഞതും. നമ്മുടെ കൈയ്യില് ജ്ഞാനരത്നങ്ങള് അനവധി ഉണ്ട് എന്ന ലഹരിയുണ്ട്. ജ്ഞാനസാഗരന് കൊട്ടാരത്തിലൊന്നുമല്ല ഇരിക്കുന്നത്, കുടിലിലാണ്. കുടിലില് താമസിക്കുന്നത് ഇഷ്ടപ്പെടുന്നു. ആരെങ്കിലും ഫോം പൂരിപ്പിക്കുകയില്ല എന്നു പറയുകയാണെങ്കില് അവരോട് പറയൂ- ശരി, നിങ്ങളുടെ പേരെങ്കിലും എഴുതൂ, ഞങ്ങള് മുതിര്ന്ന സഹോദരിയെ അറിയിക്കാം ഇന്നയാള് വന്നിരുന്നുവെന്ന്. എന്തെങ്കിലും മനസ്സിലാക്കാനായല്ലേ വന്നത്. ശരി, നിങ്ങളുടെ പേര് എഴുതൂ. ലൗകിക പിതാവിന്റേയും പേര് എഴുതിക്കണം എന്നിട്ട് മനസ്സിലാക്കിക്കൊടുക്കണം- രണ്ട് അച്ഛന്മാരുണ്ട്. ഒന്ന് ലൗകിക പിതാവ്, രണ്ടാമത് പാരലൗകിക പരമപിതാ പരമാത്മാവ്. അച്ഛന് എന്ന് പറയുന്നുവല്ലോ എങ്കില് അച്ഛന്റെ പേര് എഴുതൂ. പരമപിതാവ് എന്നു പറയുന്നതിനാല് അവര് എല്ലാവരുടേയും അച്ഛനാണ്! സര്വ്വര്ക്കും ലൗകികപിതാവും പാരലൗകിക പിതാവും ഉണ്ടാകും. ഭക്തിമാര്ഗ്ഗത്തിലും രണ്ടുപേരും അച്ഛന്മാരാണ്. സത്യത്രേതാ യുഗങ്ങളില് ലൗകികപിതാവുണ്ട് എന്നാല് പാരലൗകിക പിതാവിന്റെ പേര് പരാമര്ശിക്കുക പോലുമില്ല. ഈ കാര്യങ്ങള് നിങ്ങള് കുട്ടികള് മനസ്സിലാക്കി പിന്നീട് മറ്റുള്ളവരെ മനസ്സിലാക്കിക്കണം. എത്ര സഹജമായ കാര്യങ്ങളാണ് മനസ്സിലാക്കിത്തരുന്നത്. ആരെയാണോ ഈശ്വരീയ പിതാവ് എന്ന് വിളിക്കുന്നത് അവര് പരലോകത്ത് വസിക്കുന്നവരാണ്. ബുദ്ധിയില് വരുന്നുണ്ട് തീര്ച്ചയായും സത്യത്രേതായുഗങ്ങളില് പാരലൗകിക പിതാവിനെ ഓര്മ്മിക്കുന്നില്ല. ഇവിടെയാണെങ്കില് എല്ലാവരും ഓര്മ്മിക്കുന്നു. അതുകൊണ്ട് മനസ്സിലാക്കിക്കൊടുക്കണം ലൗകിക പിതാവിന്റെ പേര് എഴുതി, ഇനി പാരലൗകിക പിതാവിന്റെ പേര് എഴുതൂ. സര്വ്വജീവാത്മാക്കളും ആ പാരലൗകിക പരമപിതാവിനെ ഓര്മ്മിക്കുന്നു. അങ്ങനെ ഒന്ന് മാത്രമേയുള്ളൂ. എങ്ങനെ ആത്മാവ് നിരാകാരനാണോ അതുപോലെ പരമപിതാവും നിരാകാരനാണ്. സൂക്ഷ്മമോ സ്ഥൂലമോ ആയ ഒരു ശരീരവുമില്ല. പിതാവിനെ സര്വ്വവ്യാപി എന്നു പറയാന് കഴിയില്ല. സര്വ്വവ്യാപീ എന്നു പറയുന്നതിലൂടെ എന്താ സമ്പത്ത് ലഭിക്കുമോ? പിന്നെ എന്തിനാണ് പാരലൗകിക പിതാവിനെ സര്വ്വവ്യാപി എന്നു പറയുന്നത്. എല്ലാവരും പാരലൗകിക പിതാവിനെ

ഇത്രയുമധികം ഓര്മ്മിക്കുന്നുവെങ്കില് തീര്ച്ചയായും അവരില് നിന്ന് എന്തെങ്കിലും സമ്പത്ത് ലഭിക്കേണ്ടേ. രചനയ്ക്ക് രചയിതാവിന്റെ സമ്പത്ത് വേണമല്ലോ. ഇങ്ങനെ പുതിയ പുതിയ കാര്യങ്ങള് പറഞ്ഞുകൊടുത്താല് പെട്ടെന്ന് മനസ്സിലാക്കും. നിങ്ങള് അനുഭവത്തില് നിന്നാണ് പറയുന്നത്. ആ അച്ഛനില്നിന്നും സമ്പത്ത് നേടുന്നതിനുള്ള യുക്തികളാണ് പറഞ്ഞുകൊടുക്കുന്നത്. ആ പിതാവ് സ്വര്ഗ്ഗത്തിന്റെ രചയിതാവാണ്. നിങ്ങള്ക്ക് അറിയാം ആദ്യം ഭാരതം ജീവന്മുക്തമായിരുന്നു, ഇപ്പോള് ജീവന്ബന്ധനത്തിലാണ്. ദുഃഖത്തില് നിന്ന് മുക്തമാക്കുന്നത് അച്ഛന് തന്നെയാണ്.

ഈ ത്രിമൂര്ത്തികള് സഹിതമുള്ള ലക്ഷ്മീ നാരായണന്റെ ചിത്രം വളരെ നല്ലതാണ്. ഇത് എല്ലാവരുടേയും കൈയ്യില് ഉണ്ടായിരിക്കണം. ഇതിലൂടെ മനസ്സിലാക്കിക്കൊടുക്കണം ഈ ലക്ഷ്മീ-നാരായണന് ആദിസനാതന ദേവീദേവതയായിരുന്നു, സത്യയുഗത്തിന്റെ അധികാരികളായിരുന്നുവെന്ന്. സ്വര്ഗ്ഗത്തിന്റെ സമ്പത്ത് തീര്ച്ചയായും സ്വര്ഗ്ഗത്തിന്റെ രചയിതാവായ പാരലൗകിക പിതാവിനേ നല്കാന് സാധിക്കൂ. ആരെങ്കിലും ഫോം പൂരിപ്പിക്കാന് വിസമ്മതിച്ചാലും ഈ കാര്യങ്ങള് എഴുതിപ്പിക്കുക സഹജമല്ലേ. രണ്ട് അച്ഛന്മാരുണ്ട്, രണ്ടുപേരില് നിന്നും സമ്പത്ത് ലഭിക്കുന്നു. ലക്ഷ്മീ- നാരായണന് അവരുടെ കുട്ടികള് മുതലായവരുടെ ജീവിതകഥ ഇല്ലല്ലോ. കൃഷ്ണന്റെ കാര്യത്തില് പറയുന്നു കൃഷ്ണനെ കുടയില് കിടത്തി എടുത്തുകൊണ്ടുപോയി, ഇങ്ങനെയെല്ലാം സംഭവിച്ചു. ശരി, ഈ ലക്ഷ്മീ-നാരായണന് രാജ്യം എവിടെ നിന്നാണ് ലഭിച്ചത്? തീര്ച്ചയായും ആദിസനാതന ദേവീദേവതകളുടെ രാജ്യം ഉണ്ടായിരുന്നു, അതില് ആദ്യ നമ്പറില് വരുന്നവരാണ് ലക്ഷ്മിയും നാരായണനും. അവര്ക്ക് ഈ സ്വര്ഗ്ഗീയ സമ്പത്ത് ആരാണ് നല്കിയത്? പ്രജാപിതാ ബ്രഹ്മാവും ഇരിക്കുന്നുണ്ട്, സമ്പത്തായ ലക്ഷ്മീ നാരായണനും മുന്നില് നില്ക്കുന്നുണ്ട്. പിന്നീട് വൃക്ഷത്തിലേയ്ക്ക് കൊണ്ടുവരൂ. ഇവിടെ രാജയോഗത്തിന്റെ തപസ്യ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിലൂടെയാണ് ലക്ഷ്മീ നാരായണനായി മാറുന്നത്. ഇത് മനസ്സിലാക്കിക്കൊടുക്കുക എത്ര സഹജമാണ്. ലക്ഷ്മീ നാരായണന്മാരുടെ ഭക്തര്ക്ക് ഇത് മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ എളുപ്പമാണ്. ഇപ്പോള് ഉള്ളിലേയ്ക്ക് ആരെങ്കിലും വരുകയാണെങ്കില് അവര്ക്ക് തീര്ച്ചയായും എന്തെങ്കിലും പഠിപ്പിച്ച് കൊടുക്കണം. നിങ്ങളിലൂടെ വേശ്യകളുടെയും ആദിവാസികളുടേയും മറ്റും ഉദ്ധാരണം നടക്കണം. എന്നാല് നിങ്ങളില് ഇപ്പോള് അത്രയും ശക്തിയില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങള് നിങ്ങളുടെ പതിയുടെ കാതില്ജ്ഞാനം ഭും ഭും എന്ന് ഊതിക്കൊണ്ടിരിക്കണം. പതിയ്ക്ക് തന്റെ പതിയോടും ചോദിക്കാവുന്നതാണ്- താങ്കളുടെ ലൗകിക പിതാവിന്റെ പേര് പറയൂ. ശരി, താങ്കള് ജന്മജന്മാന്തരം ഓര്മ്മിച്ചുവന്ന താങ്കളുടെ ആ പാരലൗകിക പിതാവിന്റെ പേര് പറയൂ? തീര്ച്ചയായും അവരില് നിന്ന് എന്തെങ്കിലും കൂടുതല് ലഭിക്കും. ലക്ഷ്മീ നാരായണനെ ഓര്മ്മിക്കുന്നതിലൂടെ ഒന്നും ലഭിക്കുകയില്ല.

അച്ഛന് വന്ന് നിങ്ങളുടെ സേവനം എത്രയാണ് ചെയ്യുന്നത്. നിങ്ങള് ചോദിക്കാതെ തന്നെ നിങ്ങളെ പഠിപ്പിക്കുന്നു. പറയുന്നു- വരൂ, നിങ്ങളെ സ്വര്ഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകാം. സര്വ്വമനോകാമനകളേയും പൂര്ത്തിയാക്കുന്നു. നര-നാരായണന്റേയും ചിത്രമുണ്ടല്ലോ. ലക്ഷ്മിയുടെ പൂജയാണ് നടക്കുന്നത്. ലക്ഷ്മിയില് നിന്നും സമ്പത്ത് ലഭിക്കുമെന്ന് കരുതുന്നു. ഇതെല്ലാം ഭക്തിമാര്ഗ്ഗത്തിലെ കാര്യങ്ങളാണ്. ലക്ഷ്മി(സ്ത്രീ) സമ്പത്ത് എവിടെനിന്ന് കൊണ്ടുവരും? അവര്ക്ക് തീര്ച്ചയായും പതിയില് നിന്നാണ് ലഭിക്കുക. പൂജാരികളായ മനുഷ്യര് ഇതൊന്നും അറിയുന്നില്ല. നിങ്ങള് കുട്ടികള് മനസ്സിലാക്കിക്കൊടുക്കണം. നിങ്ങളും മനസ്സിലാക്കുന്നുണ്ട്- നമ്മള് മുമ്പ് എന്താണ് ചെയ്തിരുന്നത്? ഒന്നും മനസ്സിലാക്കിയിരുന്നില്ല. ഇപ്പോള് നല്ലരീതിയില് അറിഞ്ഞുകഴിഞ്ഞു. കൃഷ്ണ-ജന്മാഷ്ടമിയില് അതിരാവിലെ ഉണര്ന്ന് കൃഷ്ണനെ പാല് കുടിപ്പിക്കുന്നു, തൊട്ടില് ആട്ടുന്നു പിന്നീട് രാത്രിയാകുമ്പോള് വീണ്ടും പായസം മുതലായവ കഴിപ്പിക്കുന്നു. എന്താ ഇത്ര കുറഞ്ഞ സമയത്തിനുള്ളില് ഇത്രയും വളര്ന്നോ ,പായസം കഴിക്കുന്നതിന് യോഗ്യനായി! ഇതും മനസ്സിലാക്കേണ്ട കാര്യങ്ങളല്ലേ. നിങ്ങള്ക്ക് അറിയാം ഈ രാധാ-കൃഷ്ണന് തന്നെയാണ് വളര്ന്ന് ലക്ഷ്മീ നാരായണനായി മാറുന്നത്. ശിവബാബ ഇവര്ക്ക് ഈ പദവി നല്കുന്നു. ശിവനെ ഒരിയ്ക്കലും പായസം മുതലായവ കഴിപ്പിക്കുന്നില്ല. ബാബയുടെ മേല് കേവലം പാല് അഭിഷേകം ചെയ്യുന്നു. ഇപ്പോള് ശിവബാബയാണെങ്കില് നിരാകാരനാണ്, നാമരൂപമില്ലാത്തവനാണ്, ബാബയുടെമേല് പാല് മുതലായവ അര്പ്പിക്കുന്നതില് എന്ത് അര്ത്ഥമാണുള്ളത്? ബാബയെ ഒന്നും കഴിപ്പിക്കുന്നില്ല. നിരാകാരനല്ലേ, ശ്രീകൃഷ്ണനാണെങ്കില് ചപ്പാത്തി മുതലായവ കഴിക്കുന്നതിന് വായയുണ്ട്. ശിവന്റെ മേലെ ഒന്നും അര്പ്പിക്കുന്നില്ല. ശങ്കരനാണ് അര്പ്പിക്കുന്നത്, ശിവനല്ല. ശങ്കരന് പിന്നെയും ആകാരരൂപമുണ്ടല്ലോ. രണ്ടുപേരും ഒന്നാവുക

സാധ്യമേയല്ല. ഇപ്പോള് ബാബ എത്ര ജ്ഞാനമാണ് നല്കുന്നത്. എത്ര ഗുപ്തമായ കാര്യങ്ങളാണ്.

നിങ്ങള് ഗോപികമാര് ശിവബാബയുടേതാണ്. ശിവനെ പിന്നീട് ബാലകന് എന്നും പറയാറുണ്ട്. ഇതും ശിവബാബ ചോദിക്കുകയാണ് നിങ്ങള് ശിവബാബയെ കുട്ടിയാക്കുന്നത് എന്തിനാണ്? സമ്പത്ത് മക്കള്ക്കാണ് നല്കുക. ആദ്യം നിങ്ങള് ബലിയാവണം അപ്പോഴേ ശിവബാബ ബലിയാകൂ. അച്ഛന് കുട്ടികളുടെമേല് ബലിയാവുക എന്നതുമുണ്ട്, എന്നാല് പറയുന്നു ആദ്യം നിങ്ങള്ക്ക് ബലിയാകണം അപ്പോള് ഞാന് ബലിയാകും. ബലിയാവുക അര്ത്ഥം ബാബയെ നമ്മുടെ കുട്ടിയാക്കി മാറ്റുക, പാലന ചെയ്യുക. എത്ര അത്ഭുതകരമായ കാര്യങ്ങളാണ്! മാതാക്കളല്ലേ. പുരുഷനും ശിവബാലകനെ തന്റെ അധികാരിയാക്കി മാറ്റാറുണ്ട്. ശിവബാബയെ മാന്ത്രികന് എന്നു പറയാറില്ലേ. ലക്ഷ്മീ നാരായണന്മാര് മാന്ത്രികരല്ല. ഇത് വളരെ ഗുപ്തമായ കാര്യമാണ്. വിരളം ചിലരേ മനസ്സിലാക്കൂ. പ്രത്യക്ഷത്തില് തന്നെ പറഞ്ഞു തരുന്നു. നിങ്ങള് കുട്ടികള്ക്ക് അനുഭവമുണ്ട് ബാബ സാക്ഷത്ക്കാരം ചെയ്യിരുന്നു, മമ്മയ്ക്ക് ഒരു സാക്ഷാത്ക്കാരവും ലഭിച്ചിരുന്നില്ല എന്നിട്ടും മമ്മ ഏറ്റവും മുന്നില് പോയി. എല്ലാവര്ക്കും സാക്ഷാത്ക്കാരം ഉണ്ടാകില്ല. സാക്ഷാത്ക്കാരം ലഭിച്ച വളരെ പേര് ഇന്നില്ല ഇങ്ങനെയുമുണ്ട്. സാക്ഷാത്ക്കാരവുമായി ഒരു ബന്ധവുമില്ല. ഇത് ധാരണ ചെയ്യാനും ചെയ്യിക്കാനുമുള്ള മധുരമായ കാര്യങ്ങളാണ്. ഇന്ദ്രജാലക്കാരന് വളരെ സമര്ത്ഥനായ വിനോദകനാണ്. മാന്ത്രികര്ക്ക് വളരെ വേഗതയുണ്ടായിരിക്കും. ഓറഞ്ച് എടുത്ത് കാണിക്കും, പിന്നീട് മുറിക്കുന്നു എന്നിട്ട് അതിനെ യോജിപ്പിക്കുന്നു. മുന്നില് വളരെ ഇന്ദ്രജാലം കാണിക്കുന്നു.

ഇപ്പോള് കുട്ടികള് മനസ്സിലാക്കി, ബാബയുടെ മഹിമയാണ് പാടപ്പെടുന്നത്. അങ്ങയുടെ ലീല അപരം അപാരമാണ്, അങ്ങയുടെ ഗതിയും മതവും വേറിട്ടതാണ്. അച്ഛന് എത്ര ശ്രീമതം നല്കുന്നു. ശ്രീമതത്തിലൂടെ നിങ്ങളെ ശ്രേഷ്ഠ ദേവതയാക്കി മാറ്റുന്നു. ശ്രീ ശ്രീ എന്ന് നിരാകാരനായ ശിവബാബയെയാണ് പറയുന്നത്. ലക്ഷ്മീ നാരായണനെ ഇത്രയും ശ്രേഷ്ഠമാക്കി മാറ്റിയത് ആരാണ്? തീര്ച്ചയായും അവരേക്കാള് ശ്രേഷ്ഠനിലും ശ്രേഷ്ഠനായിരിക്കും. മനുഷ്യനെ എങ്ങനെ ദേവതയാക്കി മാറ്റാം എന്ന വിദ്യ നമ്മള് ഇപ്പോള് ബാബയില് നിന്നും പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോള് നിങ്ങള് എല്ലാ സീതമാരും രാവണന്റെ ജയിലില് ശോകവാടികയില് ദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. രാമരാജ്യത്തില് ഒരിയ്ക്കലും ശോകം ഉണ്ടാവുകയില്ല. അതിനാല് ആരില് നിന്നാണോ സമ്പത്ത് ലഭിക്കുന്നത് അവരെ ഓര്മ്മിക്കണം. നമ്മള് ആത്മാക്കളാണ് എന്നത് അംഗീകരിക്കുന്നുണ്ട്. നിങ്ങളുടെ ലൗകിക പിതാവിന്റെ പേര് എന്താണ്? എന്നു ചോദിക്കൂ. പാരലൗകിക പിതാവിന്റെ പേര് എന്താണ്? അച്ഛനെ സര്വ്വവ്യാപി എന്ന് പറയില്ലല്ലോ. അച്ഛന് അര്ത്ഥം സമ്പത്ത്. പരിധിയില്ലാത്ത അച്ഛനില് നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ഇപ്പോള് ആ സമ്പത്ത് രാവണന് കൊള്ളയടിച്ചിരിക്കുകയാണ്, അതിനാലാണ് പറയുന്നത് മായയെ ജയിച്ചാല് ജഗദ്ജീത്ത് എന്ന്. മായയുടെമേല് വിജയം നേടണം. മനസ്സാണെങ്കില് ഒരു മെരുങ്ങാത്ത കുതിരയാണ്. തള്ളിയിടാന് വളരെ പരിശ്രമിച്ചുകൊണ്ടിരിക്കും. ബാബ ഇപ്പോള് നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നിരിക്കുകയാണ്. നിങ്ങള്ക്ക് ശരിയും തെറ്റും മനസ്സിലാക്കാന് സാധിക്കും. നിങ്ങള്ക്ക് മനസ്സിലാക്കാന് കഴിയും ഇപ്പോള് ഈ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. മഹാഭാരതയുദ്ധം തീര്ച്ചയായും ഉണ്ടാകും, അതില് എല്ലാം വിനാശമാകും. യാദവര് മിസൈല് കൊണ്ട് തങ്ങളുടെ യാദവ കുലത്തിന്റെ തന്നെ വിനാശം ചെയ്യുന്നു. പാണ്ഡവകുലത്തിന്റെ വിജയം ഉണ്ടാകണം. പക്ഷേ കാണിക്കുന്നത് 5 പാണ്ഡവര് മാത്രം രക്ഷപ്പെട്ടു, അവരും പര്വ്വതത്തിനു മുകളില് ഉരുകി മരിച്ചു. പിന്നീട് എന്താണ് സംഭവിച്ചത്? ഒന്നുമില്ല. രാജയോഗം പഠിപ്പിച്ചെങ്കില് തീര്ച്ചയായും കുറച്ച് പേരെങ്കിലും രക്ഷപ്പെടണമല്ലോ. പ്രളയം സംഭവിക്കില്ല. ഈ കാര്യങ്ങളെല്ലാം നിങ്ങള് ഇപ്പോള് മനസ്സിലാക്കുന്നുണ്ട്. കൃഷ്ണന് സാഗരത്തില് ഇലയുടെ മുകളില് വരുന്നതായി കാണിക്കുന്നു. ശ്രീകൃഷ്ണന് ഗര്ഭക്കൊട്ടാരത്തിലാണ് വരുന്നത്. ഗര്ഭജയിലില് ദുഃഖമാണ്. സാഗരം എന്നത് ഗര്ഭക്കൊട്ടാരമാണ്. നല്ല വിശ്രമത്തിലാണിരിക്കുക. ജന്മജന്മാന്തരങ്ങളായി ഗീതാജ്ഞാനം, ഭാഗവതം മുതലായവ കേട്ടുവന്നു, ഭക്തിമാര്ഗ്ഗത്തില് ക്ഷീണിച്ച് അവശരായി, ഇപ്പോള് ബാബ ഒരു സെക്കന്റില് സ്വര്ഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ഇതിനെയാണ് ഭാഗധേയം എന്നു പറയുന്നത, എന്നാല് ആരുടെ ഭാഗധേയമാണ്? ഡ്രാമയുടെ ഭാഗധേയം എന്നു പറയാറുണ്ട്. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയല്ലേ. മനുഷ്യര് കേവലം ഭാഗധേയം എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു, ഒന്നും മനസ്സിലാക്കുന്നില്ല. അതുകൊണ്ട് ആര് വന്നാലും ആദ്യം പറയൂ രണ്ട് അച്ഛന്മാരുണ്ടെന്ന്. പാരലൗകിക പിതാവ് സ്വര്ഗ്ഗത്തിന്റെ രചയിതാവാണ്. ബാബ തന്നെയാണ് സ്വര്ഗ്ഗത്തിന്റെ സമ്പത്ത് നല്കിയത്. ഇപ്പോള് മുതല് 5000 വര്ഷങ്ങള്ക്ക് മുമ്പ് സ്വര്ഗ്ഗമായിരുന്നു. ഇപ്പോള് നരകമാണ് നിങ്ങള്ക്ക്

വീണ്ടും സമ്പത്ത് എടുക്കാന് സാധിക്കും. ഞങ്ങളും പരിധിയില്ലാത്ത അച്ഛനില് നിന്നും സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ഈ ഭാരതം ഭഗവാന്റെ ജന്മഭൂമിയാണ്. എങ്ങനെയാണോ ഇബ്രാഹിം, ബുദ്ധന് എന്നിവര്ക്ക് സ്വന്തമായി ജന്മഭൂമി ഉള്ളത് അതുപോലെ. നിങ്ങള് കുട്ടികള്ക്ക് അറിയാം അച്ഛന് വന്നിരിക്കുന്നു, സമ്പത്ത് തന്നുകൊണ്ടിരിക്കുകയാണ്. നിങ്ങള് കുട്ടികള്ക്ക് ദയാഹൃദയരായി മാറണം. ആര്ക്കുവേണമെങ്കിലും ഇത് മനസ്സിലാക്കിക്കൊടുക്കുക അതിസഹജമാണ്. പാരലൗകിക പിതാവിന്റെ പരിചയം നല്കണം. പാരലൗകിക പിതാവ് ഒരു തവണയാണ് വരുന്നത്. ബാബയുടെ ഓര്മ്മയിലൂടെയാണ് നമ്മള് സമ്പത്ത് എടുക്കുന്നത്. വളരെ സഹജമാണ്. ഇങ്ങനെയിങ്ങനെയുള്ള കാര്യങ്ങള് നല്ലരീതിയില്ധാരണചെയ്യൂ, എന്നിട്ട് മറ്റുള്ളവര്ക്ക് മനസ്സിലാക്കിക്കൊടുക്കൂ. ദാനം ചെയ്യൂ. പാരലൗകിക പിതാവ് സ്വര്ഗ്ഗത്തിന്റെ രാജ്യപദവി നല്കുകയാണ്. ലക്ഷ്മീ നാരായണന് കൊടുത്തിരുന്നല്ലോ. ഈ സൂര്യവംശീ ലക്ഷ്മീ നാരായണന്മാരുടെ അച്ഛന് ആരാണ്? ഞങ്ങള് നിങ്ങള്ക്ക് പറഞ്ഞുതരാം, സ്വര്ഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന അച്ഛന് ഇപ്പോള് അവര്ക്ക് സ്വര്ഗ്ഗത്തിന്റെ രാജധാനി നല്കിക്കൊണ്ടിരിക്കുകയാണ്. ബാക്കി ആശീര്വാദംകൊണ്ട് എന്ത് ചെയ്യാനാണ്. ശരി!

വളരെക്കാലത്തെ വേര്പാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ശരിയും തെറ്റും മനസ്സിലാക്കി ബുദ്ധിബലത്തിലൂടെ മെരുങ്ങാത്ത കുതിരയാകുന്ന മനസ്സിനെ വശത്താക്കി മായാജീത്തും ജഗദ്ജീത്തുമായി മാറണം. തോറ്റുപോകരുത്.

2. ശിവനെ ബാലകനാക്കി പാലിക്കണം, അര്ത്ഥം ആദ്യം ശിവബാബയെ തന്റെ അവകാശിയാക്കണം. ബാബയില് പൂര്ണ്ണമായും ബലിയര്പ്പണമാകണം.

വരദാനം :- ഉണര്വ്വുത്സാഹത്തിലൂടെ വിഘ്നങ്ങളെ സമാപ്തമാക്കുന്ന ബാപ്സമാനം സമീപരത്നമായി ഭവിക്കട്ടെ
കുട്ടികളുടെ ഹൃദയത്തിലെ ഉണര്വ്വുത്സാഹം- ഞാന് ബാപ്സമാനം സമീപരത്നമായി സമ്പൂര്ണ്ണന്റെ തെളിവു നല്കും. ഈ ഉണര്വ്വുത്സാഹം പറക്കുന്ന കലയുടെ ആധാരമാണ്. ഈ ഉത്സാഹം പല തരത്തിലുമുള്ള വരാനിരിക്കുന്ന വിഘ്നങ്ങളെ സമാപ്തമാക്കി സമ്പന്നമാകുന്നതില് സഹയോഗം നല്കുന്നു. ഈ ഉണര്വ്വുത്സാഹത്തിന്റെ ശുദ്ധവും ദൃഢവുമായ സങ്കല്പം വിജയിയാക്കുന്നതില് വിശേഷ ശക്തിശാലി ശസ്ത്രമാകുന്നു. അതിനാല് ഹൃദയത്തില് സദാ ഉണര്വ്വുത്സാഹത്തെ അഥവാ പറക്കുന്ന കലയുടെ മാര്ഗത്തെ നില നിര്ത്തുക.

സ്ലോഗന് :- തപസ്വി സദാ ആസനത്തിലിരിക്കുന്നതു പോലെ താങ്കള് ഏകരസ അവസ്ഥയുടെ ആസനത്തില് വിരാജിമാനാകൂ